# ശുചിത്വമിഷൻ

## തദ്ദേശസ്വയംഭരണ വകുപ്പ്

## കേരള സർക്കാർ

**തീയതി : 04.06.2026**

## പത്രക്കുറിപ്പ്

### പ്രചരണോപാധികളിൽ ഇനി പൂവിരിയും, മണക്കാട് ഗേൾസ് സ്കൂളിൽ മാതൃകയൊരുങ്ങുന്നു.

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ നടപ്പാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ വീണ്ടും മാതൃകയാകുന്നു. തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച പ്രചരണവസ്തുക്കൾ റീസൈക്കിൾ ചെയ്ത് നിർമിച്ച ചെടിച്ചട്ടികളും മറ്റും ഉപയോഗിച്ച് ഒരു പൂന്തോട്ടം തലസ്ഥാനത്ത് നിലവിൽവരുന്നു. മണക്കാട് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ വളപ്പിലാണ് പൂന്തോട്ടം ഒരുങ്ങുന്നത്. അന്താരാഷ്ട്ര പരിസ്ഥിതി ദിനമായ ഇന്ന് ( 05.06.26) തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി പൂന്തോട്ടം നാടിന് സമർപ്പിക്കും.

നിയമസഭ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി ഉപയോഗിച്ച പോളീ എത്തിലീൻ ബാനറുകൾ, മറ്റ് പ്രിന്റിംഗ് വസ്തുക്കൾ എന്നിവ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഹമാരാ പ്ലാസ്റ്റിക്സ് എന്ന റീസൈക്ലിംഗ് സ്ഥാപനത്തിന്റെ സഹകരണത്തോടെ ചെടിച്ചട്ടികൾ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റിയിരിക്കുന്നത്. മാലിന്യങ്ങളെയും പാഴ്‌വസ്തുക്കളെയും വിഭവങ്ങളാക്കി മാറ്റുന്ന സർക്കുലർ ഇക്കണോമിയുടെ പ്രാവർത്തിക മാതൃകയാണ് പൂന്തോട്ടമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ് പറഞ്ഞു.

മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്കു വേണ്ടി, ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗ്രീൻ ബട്ടൺ ക്യാമ്പയിൻ, തെരഞ്ഞെടുപ്പിനെ സമ്പൂർണ്ണ ഹരിതചട്ടം പാലിച്ചുള്ള തെരഞ്ഞെടുപ്പായി രാജ്യത്തിന് മുന്നിൽ ഉയർത്തിക്കാട്ടുന്നതിന് കാരണമായി. വിവിധ പ്രവർത്തനങ്ങളിലൂടെ മാലിന്യങ്ങളുടെ അളവ് 5900 ടൺ കണ്ട് കുറയ്ക്കാൻ കഴിഞ്ഞതായാണ് ശുചിത്വമിഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനുപുറമേയാണ് റീസൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങൾ ഉപയോഗിക്കുകയും ക്ലീൻ കേരള കമ്പനിയുടെ മുൻകൈയിൽ അവ പുനഃചംക്രമണം നടത്തി മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നത്.

ജൂൺ 5 ന് ഉച്ചയ്ക്ക് 2.30ന് നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ ഗതാഗത വകുപ്പ മന്ത്രി സി.പി.ജോൺ, മേയർ വി.വി.രാജേഷ്, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജ്, KSWMP പ്രോജക്റ്റ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ്, കുടംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ എച്ച്. ദിനേശൻ, മലിനീകരണ നിയന്ത്രണബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല, ക്ലീൻ കേരള കമ്പനി എം.ഡി. ജി.കെ. സുരേഷ് കുമാർ, വാർഡ് കൌൺസിലർ ആർ.മിനി, സ്കൂൾ പ്രിൻസിപ്പൾ എം.സജി, ഹെഡ് മാസ്റ്റർ ജോസ് പി.ജെ., പി.ടി.എ. പ്രസിഡന്റ് ഈദുൽ മുബാറക് തുടങ്ങിയവർ സംബന്ധിക്കും.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com